[ശ്രീ. സി. എം. കുട്ടി]

ബസ്സിലാണ് ഫക്കയിൽനിന്നുള്ള ആളുകൾ ഈ പ്രദേശത്തു് വരാൻ സാധിക്കുന്നതു്. താനൂർ പ്രദേശത്തു് എൻ. ഈ. എസ്സ്. ബ്ലോക്കിന്റെ ഹെഡ് കപ്പാർട്ടേഴ്സുണ്ടു്, തിരൂരിൽ വളരെയധികം ആഫീസുകളുണ്ടു്, കോടതികളുണ്ടു്, ഒരു ബിസിനസ് കേന്ദ്രവുമാണതു്. ആ പ്രദേശത്തേയ്ക്കു് ട്രെയിൻമാർഗ്ഗം മാത്രമേ താനൂരിലെ ജനങ്ങൾക്കു പോകാൻ നിവർത്തിയുള്ളു. ഇന്നു് ട്രെയിൻ സൗകര്യം വളരെ അപര്യാപ്തമാണു്. അതുകൊണ്ടു് ബസ്സില്ലാത്തതുകൊണ്ടു് യാതൊരുവിധത്തിലുള്ള സൗകര്യവും അവിടങ്ങളിലെ ആളുകൾക്കു് ഇല്ലാതിരിക്കുകയാണു്. ഈ കാര്യത്തെപ്പറ്റി നാട്ടുകാർ വളരെയധികം ആക്ഷേപങ്ങൾ അധികൃതസ്ഥാനങ്ങളിൽ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്തുകളും, പല സംഘടനകളും പ്രമേയങ്ങൾ പാസ്സാക്കി അയയ്ക്കുകയുണ്ടായി. കോഴിക്കോടു് റീജിയണൽ ട്രാൻസ്പോർട്ടു് അതോറിട്ടി ചെയർമാൻ കൂടിയായ കളക്ടറോടു് ഞാൻതന്നെ ഇതേപ്പറ്റി പറയുകയുണ്ടായി. കോഴിക്കോടുള്ള എല്ലാ പ്രമുഖ പത്രങ്ങളിലും ഇതുസംബന്ധിച്ച ആക്ഷേപങ്ങൾ വരികയുണ്ടായി. യാതൊരു വിധത്തിലുള്ള പരിഹാരവും ഇതുവരെയായിട്ടും ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഇത്രയധികം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തു് 6 മാസക്കാലമായി ബസ്സു് ഓടുന്നില്ല എന്നു പറഞ്ഞാൽ, ഇവിടെയുള്ള ആളുകൾക്കു് യാത്ര ചെയ്യാൻ മറ്റു യാതൊരുവിധ സൗകര്യവും ഇല്ലാ എന്നതാണു് സ്ഥിതി. ഇങ്ങനെ സംഭവിക്കുന്നതു് മറ്റൊരു സ്ഥലത്തും നടപ്പില്ലാത്തതാണു്. ഈ രണ്ടു റൂട്ടുകളിലും ബസ്സു് സർവ്വീസു് നടത്തുന്നില്ല എന്നുള്ളതു് വളരെ ഖേദകരമായ സംഗതിയാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഗതാഗതവകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണു്.

ശ്രീ. കെ. ടി. അച്യുതൻ : ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഇന്നലെ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. താനൂർ മുതൽ തിരൂർ വരെയുള്ള ലൈനിൽ കുറെക്കൊല്ലമായിട്ടു് ഓടിക്കൊണ്ടിരുന്ന ബസ്സുകൾ ഇപ്പോൾ ഓടുന്നില്ല എന്നു പറഞ്ഞു. എന്റെ ഓർമ്മ ശരിയാണെങ്കിൽ സാധാരണയായി റൂട്ടുകളിൽ പെർമിറ്റു കൊടുക്കുമ്പോൾ ആപ്പറേറേഴ്സിനെ സംബന്ധിച്ച വിവരങ്ങൾ നോക്കിയാണു് കൊടുക്കുന്നതു്. ബസ്സു് ഓടിക്കാൻ കഴിവുണ്ടോ, സൗകര്യമുണ്ടോ, വക്കുഷാപ്പുണ്ടോ എന്നൊക്കെ അന്വേഷിക്കാറുണ്ടു്. പക്ഷേ കൊടുത്തു കഴിഞ്ഞാൽ ചിലപ്പോൾ ഇങ്ങനെ ഉണ്ടാകാറുണ്ടു്, 6 മാസക്കാലമായി തുടർച്ചയായി ബസ്സു് ഓടിക്കുന്നില്ല എന്നു പറയുന്നതു ശരിയാണെങ്കിൽ തീർച്ചയായും ആർ. ടി. ഓ. അന്വേഷിക്കേണ്ടതായിരുന്നു. എന്തെങ്കിലും കാരണങ്ങളാൽ ഇങ്ങനെ ബസ്സു് ഓടാതെ വരുകയാണെങ്കിൽ ടെമ്പററിയായി എന്തെങ്കിലും ചെയ്യാമായിരുന്നു. നിയമപ്രകാരം ഇപ്പോൾ ബസ്സോടിക്കുന്ന ആപ്പറേറേഴ്സിനെ ഒഴിവാക്കിക്കൊണ്ടു് ടെമ്പററിയായി ചെയ്യാവുന്നതാണു്. ഇക്കാര്യത്തെപ്പറ്റി ഉടൻതന്നെ അന്വേഷിച്ചു് വേണ്ട നടപടികളും സ്വീകരിക്കുന്നതാണു്. ടെമ്പററിയായി രണ്ടു റൂട്ടുകളിലും ബസ്സു് ഓടിക്കുന്ന കാര്യത്തെപ്പറ്റി ആർ. ടി. ഓ. ക്കു് ആർഡർ കൊടുക്കുകയും ചെയ്യാം.

PRESENTATION OF REPORT

Shri K. V. Narayanan : Sir, I present the Second Report in 1964 of the Committee on Private Members' Bills and Resolutions.

LEGISLATIVE BUSINESS

The Luxury Tax on Tobacco (Validation) Bill, 1964 (*Contd.*)

Mr. Speaker : Now we pass on to Legislative Business. Shri E. P. Gopalan may continue his speech.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : സർ, റീഫണ്ട് ചെയ്യുകഴിഞ്ഞിട്ടുള്ള കേസുകളിൽ അതു മടക്കി വാങ്ങുന്നതിനുള്ള ഒരു പ്രൊവിഷൻകൂടി അടങ്ങുന്നതാണ് ഈ ബിൽ എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. സുപ്രീം കോടതി വിധി വന്നതിനു ശേഷം ഇതനുസരിച്ച് ചില കേസ്സുകളിൽ റീഫണ്ട് നടന്നുകഴിഞ്ഞിട്ടുണ്ട്. എത്ര കേസിലാണെന്നു് എനിക്കറിഞ്ഞുകൂടാ. ആർക്കാണ് റീഫണ്ട് ചെയ്തുകിട്ടിയതെന്ന കാര്യത്തിലും ഞാൻ തൽപ്പരനല്ല. ഏതായാലും സുപ്രീം കോടതിവിധി വന്നുകഴിഞ്ഞിട്ടുള്ള ഘട്ടത്തിൽ ഇത്തരം ഒരു നിയമ നിർമ്മാണ കാര്യം പരിചിന്തിക്കാത്തതെന്തേ എന്ന ചോദ്യം പ്രസക്തമാണ്. തക്ക സമയത്തുതന്നെ ഈ നിയമ നിർമ്മാണത്തിനു് ശ്രമിച്ചിരുന്നെങ്കിൽ ഈ പരിഹാസ്യതയെങ്കിലും ഒഴിവാക്കാമായിരുന്നില്ലേ? സുപ്രീം കോർട്ടിന്റെ വിധി വന്നു, റീഫണ്ട് ചെയ്തു കഴിഞ്ഞു. അതു തിരിച്ചു വാങ്ങാൻ എന്തിനു് ഈ ബിൽ കൊണ്ടുവരുന്നു എന്നു ചോദിക്കുന്നതു് ന്യായം മാത്രമാണ്. ഇങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം വരാൻ എന്താണ് കാരണമെന്നു് പരിശോധിക്കുന്നതു് നന്നു്. ഇവിടെ ബഹുമാനപ്പെട്ട ഒരു മെമ്പർ സൂചിപ്പിക്കുകയുണ്ടായി, റീഫണ്ട് ചെയ്യാൻ അന്നു് ബന്ധപ്പെട്ട മന്ത്രി ആർഡർ ഇടുകയുണ്ടായി എന്നു്. വേണ്ടത്ര ആലോചന നടത്തിയിട്ടല്ല ആ ഓർഡർ ഇട്ടതു്. ഇപ്പോഴതെന്തിനു മാറുന്നു? ഇതൊന്നും ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഏതായാലും കാര്യങ്ങളും നല്ല പന്തിയിലല്ല നടക്കുന്നതെന്നു് വ്യക്തമാണ്. നിയമ നിർമ്മാണക്കാര്യത്തിൽ ഇത്തരം ഏർപ്പാടുകളും അഭിലഷണീയമല്ല എന്നു് ഞാൻ ഉറപ്പിച്ചു പറയുന്നു.

ഞാൻ സൂചിപ്പിച്ചതുപോലെ ബില്ലിന്റെ ആദ്യഭാഗത്തെ സംബന്ധിച്ചിടത്തോളം അതായതു്, മുൻകാലത്തുകൊടുത്ത ലൈസൻസുകളെ സാധുകരിക്കുന്നതേയുള്ളു വെങ്കിൽ പിന്നെയും പറഞ്ഞു നില്ക്കാം. അതിന്നിപ്പുറം കടന്നു് കോടതിവിധിയെ അടിസ്ഥാനമാക്കി റീഫണ്ട് കൊടുത്തിട്ടുള്ള സംഖ്യ മടക്കി വാങ്ങുവാനായി ഒരു സാധുകരണ നിയമനിർമ്മാണം ചെയ്യുന്നതു് ഒട്ടും ഉചിതമായി തോന്നുന്നില്ല. ഇതിനു് നിയമപരമായ ഉറപ്പുണ്ടോ? ഇതും ചോദ്യം ചെയ്യപ്പെടുമോ എന്നെല്ലാം അറിയണം. ഇതറിയണമെന്നു പറയുന്നതു് മറ്റൊരു പരിഹാസ്യതയിലേക്കു് പോകാനിടയാകരുതെന്നു് കരുതിയാണു്. പലതും ഈ സഭ വാലിഡേറ്റു് ചെയ്തിട്ടുണ്ട്. ഇപ്പറഞ്ഞതിനു് നിയമസാധുതകിട്ടും എന്നുള്ളതിനു് നിയമോപദേശം തേടിയിട്ടില്ലെ? ആരുടെയെല്ലാം? പറയാൻ പറ്റുമെങ്കിൽ, അതിവിടെ പറയുന്നതു് നന്നു്. ഒരിക്കൽ വിട്ടുകൊടുത്ത പണം തിരിച്ചുവാങ്ങുന്ന കാര്യമാണിതു്. ഇതിന്റെ ഗൌരവം മന്ത്രി മനസ്സിലാക്കിയതല്ലെ? ഈ കാര്യത്തിൽ സ്റ്റേറ്റിലെ അഡ്വക്കേറ്റു ജനറലുമായിട്ട് ആലോചന നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണ് അദ്ദേഹത്തിന്റെ ഉപദേശമെന്നു അറിയേണ്ടതുണ്ട്. ഈ ഗവണ്മെന്റിനു് അതിലും മീതെ വിദഗ്ദ്ധമായ നിയമോപദേശം കിട്ടുന്നതിനുള്ള വല്ല മാർഗ്ഗവും ഉണ്ടോ? ഏതെങ്കിലും സന്ദർഭത്തിൽ അങ്ങനെ നിയമോപദേശം സ്വീകരിക്കാറുണ്ടോ? ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്തു എന്നറിയണം. ഉണ്ടാക്കുന്ന നിയമത്തിനു് ഉറച്ച ഒരടിസ്ഥാനം വേണമെന്നു് ഗവണ്മെന്റിനും താല്പര്യമുണ്ടാവണമല്ലോ. ഈ നിയമവും ചോദ്യംചെയ്യപ്പെട്ടേയ്ക്കാം. അതുകൊണ്ട്, എല്ലാം നന്നായി ആലോചിക്കേണ്ടതാവശ്യമാണു്. കൂട്ടത്തിൽ ചോദിക്കട്ടെ, എന്നാണു് സുപ്രീംകോടതി വിധി ഉണ്ടായതു്? ഏതു തീയതിക്കാണു് റീഫണ്ട് ചെയ്യാൻ ഓർഡർ ഇട്ടതു്? അതും കഴിഞ്ഞു് എത്ര മാസം കഴിഞ്ഞിട്ടാണു് ഇത്തരമൊരു ബിൽ ആവശ്യമാണെന്നു് തോന്നിയതു്? ഇതിൽ യാതൊരു ദുരുദ്ദേശവും ഇല്ല എന്നു പറഞ്ഞാൽ മാത്രം പോര, അതിനു് ഉപോൽബലകമായ വസ്തുക്കളും കൂടി പറയണം. സാധാരണ പതിവില്ലാത്ത ഈ നില കൈക്കൊള്ളാൻ ഉണ്ടായ കാരണം പറയണം. പണം വേണം എന്ന ഒരൊറ്റ ന്യായം പറഞ്ഞാൽ പോര. നീതിനിഷ്ഠമായിരിക്കണം ഗവണ്മെന്റിന്റെ നില. ഈ ഗവണ്മെന്റിന്റെ ധാർമ്മികനിലവാരം താണിരിക്കുന്നു. ജനങ്ങളോടു് ഉത്തരവാദിത്വമുണ്ടു് എന്നു് അവകാശപ്പെടാനുള്ള അർഹത ഗവണ്മെന്റിനുണ്ടോ? ഇല്ലെന്നാണു് എന്റെ ദൃഢമായ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]]

ഈ അടിയന്തിരാവസ്ഥയിൽ സാമ്പത്തിക ഞെരുക്കമുണ്ട്, എന്തുചെയ്യംപണം വേണം. അതു് എങ്ങനെയെങ്കിലും പിരിച്ചുണ്ടാക്കും. നിയമം മാറും. വാലിഡേഷനും നടത്തും. ഇതാണു് ഗവണ്മെൻറിൻെറ നില. പിരിച്ചെടുത്ത പണം ന്യായമായിട്ടാണോ ചിലവഴിക്കുന്നതു്? പാഴ് ചിലവുകൾ ഒഴിവാക്കുന്നുണ്ടോ? ധൂർത്തടിക്കുന്നതു് തടയുന്നുണ്ടോ? ഇതൊന്നും അടിയന്തിരാവസ്ഥയുടെ വെളിച്ചത്തിൽപോലും ഗവണ്മെൻറിനു് ബാധകമല്ല എന്നുതോന്നുന്നു. ചെലവു ചുരുക്കുന്നു എന്നു പറയുക. പാഴ് ചെലവുകൾ ഒന്നും തടയാതിരിക്കുക. ഈ സ്ഥിതിയിൽ, ഇത്തരമൊരു നിയമം കൊണ്ടുവന്നു പണമുണ്ടാക്കാൻ ഈ ഗവണ്മെൻറിനു് യാതൊരു ധാർമ്മിക അധികാരവുമില്ല. ഭരണിക്കാവിലെ ഭഗവതിയെപ്പോലെയാണു് ഇവിടെ മന്ത്രിമാരുടെ ഇരിപ്പു്. ഭരണിക്കാവിലെ ഭഗവതിയെപ്പറ്റി ഒരു കഥയുണ്ടു്. ഭരണിക്കാവിലെ ഭഗവതിയുടെ അനുജത്തിയാണു് കൊട്ടങ്ങല്ലൂർ അമ്മ. അനുജത്തി ധനാഢ്യയാണു്, ജേഷ്ഠത്തി ദരിദ്രയും. ഒരു ദിവസം ജേഷ്ഠത്തി അനുജത്തിയെക്കാണാൻ കൊട്ടങ്ങല്ലൂക്കു് പോയി. ധനികയായ അനുജത്തി ജേഷ്ഠത്തിയെ സ്വീകരിച്ചു പൊന്നിൻ പലക ഇരിക്കാൻ ഇട്ടുകൊടുത്തു. ജേഷ്ഠത്തി പൊന്നിൻ പലകയിൽ ഇരുന്നു. അനുജത്തി അകത്തുപോയ തക്കം നോക്കി ജേഷ്ഠത്തി പൊന്നും പലകയും എടുത്തു ഒരൊറ്റ ഓട്ടം. ഭരണിക്കാവിൽ വന്നിട്ടേ തിരിഞ്ഞുനോക്കിയുള്ളു. പൊന്നിൻ പലകയുമിട്ടു് വടക്കോട്ടും നോക്കി ഒരൊറ്റ ഇരുത്തം. രണ്ടുകൈയ്യുകൊണ്ടും പലകയുടെ ഇരുവശവും പിടിച്ചു് അന്നു് ഇരുന്ന ഇരുത്തമാണു്. വടക്കോട്ടുനോക്കി. വിട്ടാൽ പെട്ട എന്ന നിലയിലാണു് ഇരുത്തം. ഇവിടെ മന്ത്രിമാരുടെ ഇരുത്തവും അങ്ങിനെയാണെന്നു് തോന്നും രണ്ടുകൈകൊണ്ടും കസേല മുറുകെപ്പിടിച്ചിരിപ്പാണു്. ഒരു പണിയും ചെയ്യാൻ പറ്റില്ല. കസേല വിട്ടാൽ കഴിഞ്ഞു എന്ന നിലയിൽ, വടക്കോട്ടുനോക്കി ഇരുപ്പാണു്. എന്തു സംഭവിച്ചാലും ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ മന്ത്രിമാർ അങ്ങനെയിരിക്കുകയാണു്. ഇത്തരമൊരു ബിൽ കൊണ്ടുവരരുതായിരുന്നു. നിയമനിർമ്മാണത്തിനു് കളങ്കം ചേർക്കരുതു്. ഇന്നലെ ശ്രീ. ജോസഫ് ചാഴിക്കാടു് ഇതൊരു നിയമ വ്യഭിചാരമാണെന്നു പറയുകയുണ്ടായി. സാധാരണ വ്യഭിചാരത്തിൻെറ കാര്യത്തിൽ എതിർപ്പും അലോസരവും പ്രകടിപ്പിക്കുന്നില്ലെങ്കിലും നിയമ വ്യഭിചാരത്തെ എതിർക്കുന്നതു് നല്ലതുതന്നെ. നിയമനിർമ്മാണ കാര്യത്തിൽ ഇങ്ങനെ ഒരു നിലപാടു് എടുക്കുന്നതു് സ്വീകരിക്കുന്നതു് ഉചിതമല്ല. എന്നാൽ കാര്യനിർവ്വഹണത്തിൽ ഇങ്ങനെ പിരിച്ചെടുക്കുന്ന പിണത്തിൽ അവസാനത്തെ നയാപൈസപോലും വളരെ ഭദ്രമായി ചെലവാക്കുന്ന ഭരണാധികാരികളാണെങ്കിൽ ധാർമ്മികമായ പിൻബലമെങ്കിലും ഇതിനുണ്ടാകുമായിരുന്നു. അതുകൂടി ഇവർക്കു് നഷ്ടപ്പെട്ടിരിക്കുകയാണു്. പാളയത്തിലെ പടകൊണ്ടു് പറേറ പൊളിഞ്ഞു ഉഴന്നിരിക്കുന്ന ഈ ഘട്ടത്തിൽ ഇങ്ങനെ ഒരു നിയമനിർമ്മാണം എന്തിനു കൊണ്ടുവന്നു? ഈ ഘട്ടത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഒരു പുനഃപരിശോധനക്കു് തയ്യാറുണ്ടോ? അഡ്വക്കേറ്റു ജനറലാളെ ഇവിടെ വരുത്തണമെന്നു ഞാൻ പറയുന്നില്ല. മെമ്പർമാർക്കു് നിയമപരമായ സംശയനിവാരണത്തിനു് ഇവിടെ യാതൊരു മാർഗ്ഗവും ഇല്ല. നിലവിലുള്ള സംമ്പ്രദായത്തിൻെറ പോരായ്മ തീർക്കാൻ എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കണം. നിയമസഭാംഗങ്ങൾക്കു് വേണ്ട നിയമോപദേശം കിട്ടുവാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടാകണം. മെമ്പർമാർക്കു് വേണ്ടതിൽവണ്ണം നിയമോപദേശം കിട്ടാതിരിക്കുമ്പോഴാ, നിയമനിർമ്മാണത്തിനു് പോരായ്മയുണ്ടാകുന്നതെന്നുപറയാനും വഴിയുണ്ടു്. 1960-ൽ നിയമസഭ പാസാക്കിയ ഒരു ബില്ലിൽ, ഒഴിവാക്കാവുന്ന ഒരു പ്രമാദം പറ്റിയകഥ ഇതിനു മുമ്പിവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതാണു്. നിയമനിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന സദുദ്ദേശത്തെ മുൻനിർത്തിയാണിതു പറയുന്നതു്. തക്കസമയത്തു്, ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നില്ല എന്നു് ഇവിടെ പലവുരു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. സാവകാശമെടുത്തു മുന്നോട്ട

LIBRARY ARCHIVES Kerala Legislative Assembly

പോയാൽ പോരേ? ആലോചിക്കാനുള്ളതെല്ലാം ആലോചിച്ചു കഴിഞ്ഞു എന്ന നിലയാണോ? എങ്കിൽ റീഫണ്ട് തിരിച്ചുവാങ്ങുന്നതു സംബന്ധിച്ചു വ്യവസ്ഥയോടും യോജിക്കാൻ പ്രയാസമുണ്ട്. റീഫണ്ടിന്റെ കാര്യത്തിൽ, നിയമപരമായ എല്ലാ ഭദ്രതകളും നോക്കിയിട്ടുണ്ടോ? സാധാരണ കരം പിരിവിന്റെ സുരക്ഷിതത്തിലും മീതെ ഇക്കാര്യം പ്രത്യേകം എടുത്തു പരിശോധിച്ചുവോ? എല്ലാം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. മെയ്തീൻകുട്ടിഹാജി : സർ, Luxury Tax on Tobacco (Validation) എന്ന ബില്ലിന്റെ 6-ാംവകുപ്പിനു ശ്രീ.ഈപ്പൻ അവതരിപ്പിച്ച ഭേദഗതിയെ അനുക്രമിച്ചുകൊണ്ടാണു ഞാൻ സംസാരിക്കുന്നതു. ഇതിലെ 6-ാമത്തെ വകുപ്പു എടുത്തു കളഞ്ഞാൽ സ്വാഭാവികമായി മൂന്നും, അഞ്ചും വകുപ്പുകളും കൂടി എടുത്തുകളയണം. ഗവണ്മെന്റു ഈടാക്കിയിട്ടുണ്ടായിരുന്ന നികുതി ശരിയല്ലെന്നു കോടതി വിധിവന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവണ്മെന്റു പിരിച്ചെടുത്ത പണം കക്ഷികൾക്കു തിരിച്ചു കൊടുത്തു. അങ്ങനെ തിരിച്ചു കൊടുത്തതു വീണ്ടും തിരിച്ചു വാങ്ങണമെന്നു പറയുകയാണു ഈ ബില്ലുകൊണ്ടു.

അപ്പോഴും ഈ നാട്ടിലെ നികുതിദായകന്മാരെ സംബന്ധിച്ചിടത്തോളം മുള്ളിൽപിടിച്ചമാതിരിയാണു കഴിഞ്ഞുകൂടുന്നതെന്നു പറയേണ്ടിയിരിക്കുന്നു. കൈതമുള്ളിൽ പിടിച്ചാൽ അങ്ങോട്ടുമിങ്ങോട്ടും വലിയാൻ വയ്യാത്ത സ്ഥിതിയാണുണ്ടാവുക. ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും, നികുതി വസൂൽചെയ്യാൻ വ്യക്തമായ നിയമനിർമ്മാണം നടത്തിയതിനെ അസ്ഥിരപ്പെടുത്തി കോടതി വിധിയുണ്ടായാൽ ആ വിധിയെ മറികടന്നു ചാടുന്ന ഏർപ്പാടു് അടിയന്തിരമായി ഗവണ്മെൻറു മാറേണ്ടതാണു. ഇവിടെ ആക്കെല്ലാംകൊടുത്തു ആരിൽ നിന്നും തിരിച്ചുവാങ്ങണം എന്നുള്ളതല്ല പ്രശ്നം. വസൂൽചെയ്ത നികുതി ശരിയല്ലെന്നു കോടതി തീരുമാനിക്കുകയും അതു ഈ നാട്ടിലെ ഭരണ വിഭാഗത്തിന്റെ തലപ്പത്തിരിക്കുന്ന വളരെയേറെ ഉദ്യോഗസ്ഥന്മാർ പരിശോധിച്ചശേഷം, അതു തിരിച്ചുകൊടുക്കാൻ ഉത്തരവിടുകയും തിരിച്ചുകൊടുക്കുകയും ചെയ്തു. പിന്നെ, എന്താവശ്യത്തിനു വേണ്ടിയാണു അതു തിരിച്ചുകൊടുത്തതു് വീണ്ടും വാങ്ങണമെന്നു കണ്ടുപിടിച്ചതു്? ഇങ്ങനെയാണെങ്കിൽ നമ്മുടെ നാട്ടിൽ എന്തെല്ലാം കണ്ടുപിടിക്കാൻ കഴിയും. വാസ്തവത്തിൽ നാം ഒന്നുമൊന്നും അറിയാതെ സർക്കാരിന്റെ മുതൽ നഷ്ടപ്പെട്ടുപോകുന്നുണ്ടെന്നാണു് അറിയുന്നതു്. ഈ സിറിയുടെ മർമ്മഭാഗത്തു് കവടിയാറിനടുത്തുകിടക്കുന്ന 30 ഏക്കർ സ്ഥലം ഏക്കറിനു് 2 രൂപാ വച്ചു് ആർക്കോ പതിച്ചുകൊടുത്തു എന്നറിയുന്നു. അങ്ങനെ ഗവണ്മെൻറിന്റെ സ്വത്തുക്കളും അന്യാധീനപ്പെടുത്താൻ ഗവണ്മെൻറുകൂടി അരു നിൽക്കുന്നു ഈ നാട്ടിൽ ന്യായമായി കൊടുക്കേണ്ട പണം തിരിച്ചുകൊടുത്താൽ, അതു ഗവണ്മെൻറു ഖജനാവിൽനിന്നും കൊടുത്തതാണെന്നു കരുതി അതു വീണ്ടും തിരിച്ചുവാങ്ങണമെന്നുള്ള പ്രവണതയിന്മേൽ ഇങ്ങനെ ബിൽ കൊണ്ടുവന്നു സർക്കാരിന്റെ പണം ചെലവാക്കുന്നതു് അന്യായമാണെന്നു സ്ഥാപിക്കാനാണു് ഞാൻ ശ്രീ. ഈപ്പന്റെ ഭേദഗതിയെ അനുകൂലിക്കുന്നതു്. 1950 ആഗസ്റ്റ് 17-ാംനു- മുതൽ 1957 ഡിസംബർ 31-ാംതീയതി വരെ പിരിച്ചിരുന്ന നികുതിയാണു് മടക്കിക്കൊടുത്തിരിക്കുന്നതു്. ഇങ്ങനെ പൂർവകാല പ്രാബല്യംവച്ചു് ആക്കെല്ലാം തിരിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം, വ്യക്തമായ കണക്കുകൾ നിയമസഭയിൽ അവതരിപ്പിച്ചാലെ അതു സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ. ഈ ബില്ലിൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടം ഉൾക്കൊള്ളുന്നില്ല. എത്ര സംഖ്യ ആരിൽനിന്നെല്ലാം കിട്ടണമെന്നു ബില്ലിൽനിന്നും അറിയാൻ കഴിയുന്നില്ല. ഈ കാര്യങ്ങളെല്ലാം ഞങ്ങളെ മനസ്സിലാക്കാതെ വളരെ വേഗത്തിൽ ഈ ബിൽ പാസാക്കുന്നതു ശരിയല്ല. അതുകൊണ്ടാണു് ഞാൻ ശ്രീ. ഈപ്പന്റെ ഭേദഗതിയെ അനുകൂലിക്കുന്നതു്. ക്ലോസ് 6 ഡിലീറ്റുചെയ്യണമെന്നു് അദ്ദേഹം പറഞ്ഞതിനെ അനുകൂലിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകളെ അവസാനിപ്പിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ശ്രീ. ഈപ്പൻ ആവശ്യപ്പെട്ടത് ക്ലാസ് 6 എടുത്തുകളയണമെന്നാണ്. വൈമനസ്യത്തോടുകൂടിയാണെങ്കിലും, ഞാൻ അതിനോട് അനുകൂലിക്കുകയാണ് ചെയ്യുന്നത്. കാരണം; ഈ വകുപ്പ് എഴുതിയുണ്ടാക്കിയവർ ഇതിനെപ്പറ്റി കാര്യമായി ചിന്തിച്ചിട്ടാണോ ഈ സഭയിൽ ഹാജരാക്കുന്നതിനു ഗവണ്മെൻറിനെ ഏൽപ്പിച്ചതെന്നു എനിക്കു വളരെ സംശയമുണ്ട്. ഈ വകുപ്പു പാസ്സാക്കുകയാണെങ്കിൽ വിശേഷാത്തരമെന്നു പറയുന്ന നമ്മുടെ ഭരണഘടനയെപ്പോലും ചോദ്യംചെയ്യാൻ അധികാരമുള്ള പരമാധികാര കോടതിയിലെ വിധിയെ ചോദ്യംചെയ്യുന്ന ഒരു പ്രതീതിയാണ് ഉണ്ടാവുക. നിയമത്തിന്റെ വൈകല്യംകൊണ്ട്, 1950 മുതൽ 1957 വരെ എത്രാനും കച്ചവടക്കാരുടെ കൈയിൽനിന്നും ഈടാക്കിയ നികുതി നിയമവിരുദ്ധമാണെന്നു കോടതി പ്രഖ്യാപിക്കുകയാണ് ചെയ്തിട്ടുള്ളത്. 1954-ൽ തന്നെ ഇവിടത്തെ കച്ചവടക്കാർ പറഞ്ഞു, ഇങ്ങനെയൊരു നികുതി ഈടാക്കുന്നതു തെറ്റാണെന്നു. എന്നിട്ടും 1957 വരെ ഈടാക്കി. അതിനുശേഷം ഈ കച്ചവടക്കാർ പൊറുതിമുട്ടി അവർ കേസുകൊടുത്തു. അവസാനം 1960-ൽ ഈ കച്ചവടക്കാർ സുപ്രീംകോടതിയിൽ പോവുകയും സുപ്രീംകോടതി അവർക്കു അനുകൂലമായി വിധി നൽകുകയും ചെയ്തു. നിയമത്തിന്റെ കുറവിനു ഉത്തരവാദി ഗവണ്മെൻറല്ലാതെ വഴിയേ പോകുന്നവനല്ല. നീതിയും ന്യായവും അനുസരിച്ചു നിയമം ഉണ്ടാക്കേണ്ട ഗവണ്മെൻറ് ഉണ്ടാക്കിയ നിയമത്തിൽ നിയമവൈകല്യം കണ്ടുകൊണ്ടാണു ഈടാക്കിയ സംഖ്യ തിരിച്ചു കൊടുക്കാൻ ഉത്തരവായത്.

ശ്രീ. കെ. ടി. അച്യുതൻ: നിയമത്തിൽ വീഴ്ചയുള്ളതുകൊണ്ട് ഈ ബുദ്ധിമുട്ട് ഉണ്ടായതാണ്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: രണ്ടാഴ്ചയിൽ പറയുന്നുവെന്നേയുള്ള. സംഗതി ഒന്നാണ്. എന്നായാലും ഈടാക്കിയ നിയമം ശരിയല്ലെന്നു വളരെ മൈൽഡായിട്ടുള്ള ഭാഷയിൽ പറയാം. 1961-ൽ ഈ ഗവണ്മെൻറ് ആ പണം തിരിച്ചുകൊടുക്കാൻ ഉത്തരവായി. വെറുതെ ഉറങ്ങിയിരുന്നു അങ്ങനെ ഉത്തരവിട്ടതാണെന്നു എനിക്കു വിശ്വാസമില്ല. അങ്ങനെ അന്നു പി. എസ്.പി കൂടി ഉൾപ്പെട്ട സംയുക്ത ഗവണ്മെൻറ് ആ പണം തിരിച്ചുകൊടുക്കാൻ ഉത്തരവിടുകയും പണം കൊടുക്കുകയും ചെയ്തു. ഇപ്പോഴും പറയുന്നതു ഇങ്ങനെയാണ്.

.....and such amount would not have been liable to be refunded if this Ac had been in force on that day of refund';

വളരെ വിചിത്രമായ വാദമാണ്. ഈ നിയമം അന്നു ഉണ്ടായിരുന്നെങ്കിൽ തിരിയെ കൊടുക്കേണ്ടിവരുമായിരുന്നില്ല എന്നുള്ളതു ശരിയാണ്. അന്നു ഈ നിയമം ഇല്ലായിരുന്നു, അതുകൊണ്ടു തിരിയെ കൊടുക്കേണ്ടിവന്നു. അതിനാൽ ഈ 6-ാംവകുപ്പു ശരിയാണായെന്നു ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി നല്ലവണ്ണം ആലോചിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു. കോടതിയെ ചോദ്യംചെയ്യുന്ന ഒരു നിയമം ഉണ്ടാക്കുന്നതു ശരിയായ നടപടിയല്ല. ഇൻഡ്യയുടെ ഭരണഘടനയെപ്പോലും ചോദ്യംചെയ്യാൻ അധികാരമുള്ള സുപ്രീംകോടതിയുടെ വിധിയെ ചോദ്യംചെയ്യുകയെന്നുള്ളതു അത്ര വളരെ ശരിയാണെന്നുള്ള വിശ്വാസം എനിക്കില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ 6 ാം വകുപ്പു വേണമോ വേണ്ടയോ എന്നു നല്ലവണ്ണം ഒന്നു ചിന്തിച്ചുവേണം ഈ നിയമം പാസ്സാക്കേണ്ടതു എന്നു വിനീതമായ അഭിപ്രായത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ ഹസ്സൻഗനി: ഈ ബില്ലിലെ 6-ാം വകുപ്പിനെ സംബന്ധിച്ചാണ് വളരെയേറെ വാദപ്രതിവാദമുണ്ടായതു. മുമ്പുണ്ടായിരുന്ന നിയമത്തിലെ വീഴ്ചകൾ ഇല്ലാതാക്കാനാണ് എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, ഇത്രവളരെ കാലതാമസം വരുത്തിയതെന്തുകൊണ്ടാണെന്നു സൂചിപ്പിക്കേണ്ടതുണ്ട്. പണം റീഫണ്ടു ചെയ്തിട്ട് ഏകദേശം 1 കൊല്ലവും 8 മാസവും കഴിഞ്ഞിരിക്കുകയാണ്. അതിനും വളരെക്കാലംമുമ്പ് കോടതിവിധി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ, പ്രത്യേകമായി ചില വ്യക്തികളെ അവതാളത്തിലാക്കുന്നതിനല്ലേ ഇതു കൊണ്ടുവന്നിട്ടുള്ളതെന്നു സംശയിക്കേണ്ടതുണ്ടു്. ഒരു പ്രിൻസിപ്പിളിന്റെ അടിസ്ഥാനത്തിലും ഈ വകുപ്പിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഗവണ്മെന്റിനു കിട്ടേണ്ടതു കുടിശ്ശികയാണു് സാധാരണ ഇവിടെ വാലിഡേഷൻ ബില്ലുകൾ കൊണ്ടുവരികയും പാസ്സാക്കുകയും ചെയ്യുന്നുണ്ടു്. ഇതാണെങ്കിൽ, റീഫണ്ടു ചെയ്യുകയാണു്. ചീഫ് മിനിസ്റ്റർ റീഫണ്ടു ചെയ്യുന്നതിനു് ആർഡർ പാസ്സാക്കിയശേഷം ഒരു രണ്ടുകൊല്ലം കഴിഞ്ഞു ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നതു് എന്തുദ്ദേശത്തിലാണെന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. പ്രത്യേകിച്ചു് കൺസിഡറേഷനാണു് ബില്ലു കൊണ്ടുവന്നിട്ടുള്ളതു്, സെലക്ടു കമ്മിറ്റിക്കുപോലും അയയ്ക്കുന്നില്ല. ആ നിലയിൽ സഭയുടെ എല്ലാ ഭാഗങ്ങളിൽനിന്നും റീഫണ്ടിനെ സംബന്ധിക്കുന്ന വകുപ്പു എടുത്തുകളയണമെന്നു പറയുന്നതിൽ വളരെയേറെ അർത്ഥമുണ്ടു് മുമ്പു ഇതുമാതിരി ഒരു ബില്ലുകൊണ്ടുവന്നു പണം മടക്കിവാങ്ങുന്നതിനു് യാതൊരു നടപടിയും ഗവണ്മെന്റു് എടുത്തിട്ടില്ല. ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇങ്ങനെയുള്ള പല കാര്യങ്ങളും കണ്ടുപിടിക്കാൻ കഴിയും. വളരെയേറെ പണം ഈ വഴിക്കു് തിരിയെ മേടിക്കാനും കഴിയും. അതൊന്നും ഇവിടെ പ്രസക്തമല്ല. ഗവണ്മെന്റു് ആർഡർ പാസാക്കി തിരിച്ചുകൊടുക്കുകയും അതു വാങ്ങി ഏ ക്ലാസ്സുകാർ ബി ക്ലാസ്സിനും മറ്റും കൊടുക്കുകയും ചെയ്തു തുക ഇപ്പോൾ മടക്കി വാങ്ങണമെന്നു പറയുന്നതു് എത്രകണ്ടു് ന്യായീകരിക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കേണ്ടതാണു്. നിയമവകുപ്പിന്റെ ഇതുസംബന്ധിച്ചുള്ള ഉപദേശം ഏതു രൂപത്തിലിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചും ഒരു സംശയം പ്രകടിപ്പിച്ചിരിക്കുകയാണു്. ആ സംശയം തീർക്കേണ്ടതുണ്ടു്. സുപ്രീംകോടതി വിധി വന്നതുകൊണ്ടു് ഒരു വാലിഡേഷൻ ബിൽ കൊണ്ടുവരാൻ പാടില്ലെന്നു ഞാൻ പറയുന്നില്ല പക്ഷെ, റീഫണ്ടു ചെയ്തു തുക വീണ്ടും തിരിച്ചുവാങ്ങണമെന്നു പറയുമ്പോൾ, എന്തെല്ലാം വിഷമതകളും ഉണ്ടാകുമെന്നുള്ളതിനെപ്പറ്റി ചിന്തിക്കേണ്ടതായിരുന്നു. ഇതിനു മുമ്പു് ഇതുപോലുള്ള ഒരു സംരംഭം ഉണ്ടായിരുന്നെങ്കിൽ തരക്കേടില്ല. ഗവണ്മെന്റിനു് കിട്ടേണ്ടതു കിട്ടിയില്ലെങ്കിൽ അതു വാങ്ങുന്നതുപോലെയല്ല ഇതു്. ഇതു് വാങ്ങിയതു് തിരിച്ചുകൊടുത്തതാണു്. അതുകൊണ്ടു് ഇതു ശരിയായി പരിശോധിക്കുന്നതിനു് ഒരു സെലക്ടു കമ്മിറ്റിക്കുതന്നെ അയയ്ക്കുണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഈ ഒരു വകുപ്പു് എടുത്തുകളയുമ്പോൾ, മറ്റു വകുപ്പുകളിൽ മാറ്റം വരുത്തണമോയെന്നുകൂടി സെലക്ടു കമ്മിറ്റി പരിശോധിക്കണം. അങ്ങനെ പരിശോധിച്ചു 6—ാം വകുപ്പു് ഇതിൽനിന്നും നീക്കംചെയ്യണം. ശ്രീ. ഹാജി ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ സ്റ്റേറ്റിൽ പല കാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയാണു്, ട്രാൻസ്പോർട്ടു എൻകായറി കമ്മിറ്റിക്കു് മൂന്നരലക്ഷം രൂപയോളം ചെലവായി എന്നു പറയുന്നു. പ്രതിമാസം 800 രൂപയോളം ഓരോ കമ്മിറ്റി അംഗത്തിനും അലവൻസു കൊടുക്കുന്നു എന്നാണു് കേൾക്കുന്നതു്, ഈ അസംബ്ലിയിൽതന്നെ ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപാ ഇതിലേക്കു് ചെലവായി എന്നു മന്ത്രി പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. ടി അച്യുതൻ : അതു ശരിയല്ല. അതിൽ നാലിലൊന്നിനു താഴെയാണു്.

ശ്രീ. കെ.ഹസ്സൻ ഗനി: ഏതായാലും അവർ ഭാരതത്തിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കുകയാണു്. ഇങ്ങനെ പണം ധൂർത്തടിക്കാൻ അവസരം നൽകുന്ന ഒരു ഗവണ്മെന്റു് തിരിച്ചുകൊടുത്ത പണം മടക്കിവാങ്ങാൻ ഒരു വർഷവും എട്ടുമാസവും കഴിഞ്ഞശേഷം, ഒരു ബില്ലുകൊണ്ടുവരുമ്പോൾ, സംശയം ഉണ്ടാവുക സ്വാഭാവികമാണു്. ആ സംശയം തീർക്കുന്നതിനും ഇങ്ങനെയുള്ള ബില്ലുകൾ മേലാൽ കൊണ്ടുവരാതിരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചശേഷമേ ഇതു പാസാക്കാവൂ എന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രമേയത്തെ അനുകൂലിക്കുകയാണു്. ഈ നിയമനിർമ്മാണം പ്രത്യേകിച്ചും 6–ാം വകുപ്പു് ഏതാനും വ്യക്തികളുടെ കാര്യത്തിൽ പ്രയാസം ഉണ്ടാക്കുന്നുണ്ടു് എന്നുള്ള കാര്യം ഈ സഭയുടെ പല ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ടു്. ഇതിനെത്തുടെയ്യാൻ കഴിയുമെന്നു എല്ലാ തത്പരങ്ങളുടേയും അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനു യാതൊരു മടിയും ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ സൂചിപ്പിച്ചതു പോലെ, അന്നു നിലവിലിരുന്ന നിയമം ഉണ്ടായിരുന്നെങ്കിൽ എന്തു നടക്കുമോ അതു നടക്കണമെന്നുള്ള നിലയിൽ നിയമനിർമ്മാണം കൊണ്ടുവരുന്നതു് സാമൂഹ്യമായ നീതി സ്ഥാപിക്കുന്നതിനു വേണ്ടിയായിരിക്കണം. മുന്നാലു് ആളുകളെമാത്രം ബാധിക്കുന്നതായാൽ അതിനൊരു അയവു വരുത്തേണ്ടതല്ലേ എന്നു് ആലോചിക്കേണ്ടതുണ്ടു്. ആ നിലയിൽ ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതു ശരിയാണോ എന്നു ആലോചിക്കേണ്ടതുണ്ടെന്നുള്ള വാദത്തിനു് കൂടി ശക്തിയുണ്ടെന്നു സമ്മതിക്കാൻ ഞാനൊരുക്കമാണു്. അതുകൊണ്ടു് എന്റെ സുഹൃത്തുക്കൾ സൂചിപ്പിച്ചതുപോലെ ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കുന്നതിനു എനിക്കഭിപ്രായമില്ല. സെലക്ട് കമ്മിറ്റിക്കയയ്ക്കാതെ ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒന്നു പുനഃപരിശോധന ചെയ്താൽ മതിയാകുന്നതാണു്. അങ്ങനെ രണ്ടു വ്യക്തികളെമാത്രം ബാധിക്കത്തക്കവണ്ണം ഈ ആറാം വകുപ്പു പാസ്സാക്കാമോ എന്നും, ആലോചിക്കേണ്ടതാണു്. അങ്ങനെ ഇതു പുനഃപരിശോധന ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമെന്നും ഞാൻ വിശ്വസിക്കുന്നു. അന്നു കോടതി ഇക്കാര്യം ചർച്ചചെയ്തു ഈ വ്യക്തികൾക്കു റീഫണ്ടു ലഭിച്ചതുക മുകളിലേക്കു രണ്ടുകൊല്ലം കഴിഞ്ഞു അതു തിരിച്ചുകൊടുക്കണം എന്നു പറയുന്നതു ശരിയല്ല. സാമൂഹ്യമായി ഒരു നീതി ചെയ്യുകയാണെന്നുണ്ടെങ്കിൽ അതിനു പൂർവ്വകാലപ്രാബല്യം കൊടുക്കുന്നതു നമുക്കു മനസ്സിലാക്കാം. ഇതു അതല്ല. ഒരു വലിയ സംഖ്യയോ അല്ലെങ്കിൽ ഒരു ചെറിയ സംഖ്യയോ ഏതെങ്കിലുമായിക്കൊള്ളട്ടെ. ഗവണ്മെൻറിന്റെ ലെവലിൽ അതു രണ്ടു വ്യക്തികളെ ബാധിക്കത്തക്കവണ്ണം ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തുന്നതു തീർച്ചയായും ശരിയല്ല. അതുകൊണ്ടു ഗവണ്മെൻറു ഈ 6–ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം പുനഃപരിശോധന ചെയ്യണം. ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കേണ്ടതിന്റെ ആവശ്യമുള്ളതുകൊണ്ടാണു് ഇതു സെലക്ട് കമ്മിറ്റിക്കയയ്ക്കാതെതന്നെ ഇതു ഏറ്റവും വേഗം പാസ്സാക്കണമെന്നു പറയുന്നതു്. ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി സഭയുടെ എല്ലാഭാഗത്തുനിന്നും അനുകൂലമായ അഭിപ്രായം ഉണ്ടായതിൽ ബഹുമാനപ്പെട്ട സഭയെ ഞാൻ അനുമോദിക്കുകയാണു്.

ശ്രീ. പൊന്നറ. ജി. ശ്രീധർ: സർ, എനിക്കു ഇതിനെപ്പറ്റി വളരെ അധികമൊന്നും പറയാനില്ല ഇന്നലെ ഈ അസംബ്ലിയിൽ തന്നെ കൊണ്ടുവന്ന ഒരു ബില്ലിൽ പറഞ്ഞിരിക്കുന്നതായ ഒരുകാരണം, ഈ റിട്രോസ്പെക്ടീവു എഫക്ടു കൊടുക്കുകയാണെങ്കിൽ അതുവച്ചു എല്ലാവർക്കും കൊടുക്കേണ്ടിവരികയാണു്. അങ്ങനെവരുമ്പോൾ ആളുകളെ തിരഞ്ഞുപിടിക്കാൻ നിവൃത്തിയില്ല. ആർക്കെല്ലാം പണം തിരിയെ കൊടുക്കേണ്ടിവരുമോ അതു കൊടുക്കുന്നതിനു ആളുകളെ കണ്ടുപിടിക്കുന്നതിനു നിവൃത്തിയില്ല എന്നും, അതുകൊണ്ടു അതു മടക്കിക്കൊടുക്കണ്ട എന്നും, എന്നാൽ മറെറാരു ബില്ലിൽ റിട്രോസ്പെക്ടീവു എഫക്ടു കൊടുക്കണമെന്നും ഞങ്ങൾക്കു ആളുകളെ അറിയാമെന്നും, അതിനു അവരെ തിരഞ്ഞുപിടിക്കാമെന്നും പറയുന്നു. അപ്പോൾ ഇന്നലെ പറഞ്ഞതു മാറി. ഇങ്ങനെ ഈ നിയമങ്ങൾക്കു റിട്രോസ്പെക്ടീവു എഫക്ടു കൊടുക്കുന്നതു സാമാന്യരീതിക്കു യോജിച്ചതല്ല, സമൂഹ്യരീതിക്കും യോജിച്ചതല്ല. ഇവിടെ സമൂഹത്തിനു വളരെ പ്രാധാന്യം കൊടുക്കുന്നുണ്ടു്. എന്നാൽ സാമൂഹ്യരീതിക്കു മാറ്റം വന്നിട്ടില്ല. ഇവിടെ നമ്മുടെ കാൺസ്റ്റിറ്റ്യൂഷനുപോലും ഒന്നിനുപുറകെ ഒന്നായി അമെൻറുമെൻറുകൾ വന്നുകൊണ്ടിരിക്കുകയാണു്. കാരണം, സുപ്രീംകോടതിയിൽ നിന്നും അതിൽ ചില വകുപ്പുകൾക്കു നിയമപ്രാബല്യമില്ല, നിയമസാധുതയില്ല എന്നെല്ലാം വിധികൾ ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നതിന്റെ ഫലമായിട്ടാണു്. നമ്മുടെ കാൺസ്റ്റിറ്റ്യൂഷൻ എഴുതിയുണ്ടാക്കിയതു എത്രയോ ഉന്നതന്മാരായിട്ടുള്ള ആളുകളാണു്. അന്നു അവർ രാജ്യത്തിനുവേണ്ടി സകലതും ത്യജിച്ചു പ്രവർത്തിച്ചിട്ടുള്ളവരാണു്. അങ്ങനെയുള്ളവർ ഒന്നിച്ചുകൂടിയിരുന്നാലോചിച്ചു ഏകദേശം ഒന്നരണ്ടുവർഷത്തെ ആലോചനയ്ക്കു ശേഷം എഴുതിയുണ്ടാക്കിയതാണു്. ഇന്നു അതിലെ ചില വ്യവസ്ഥകളും എടുത്തുകളയുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. അതുവച്ചുനോക്കുമ്പോൾ ഇതു സാമൂഹ്യരീതിക്കു യോജിച്ചതല്ല. അങ്ങനെയുള്ള ഒരു നിയമം കൊണ്ടുവരുന്നതു ഒരു ഗവണ്മെൻറിനും യോജിച്ചതല്ല എന്നമാത്രമാണെനിക്കു ഇതേസംബന്ധിച്ചു പറയുവാനുള്ളതു്.

ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ): ഈ സഭ ഇന്നലെ ഈ ബില്ലിനെസംബന്ധിച്ചു കണക്കിലേറെ സമയമെടുത്തു ചർച്ചചെയ്തു. വാസ്തവത്തിൽ ഒരു നിയമനിർമ്മാണമുണ്ടാകുമ്പോൾ സ്വാഭാവികമായിതന്നെ അതിൽ വീഴ്ചകൾകൂടാതെയിരിക്കുകയെന്നുള്ളതാണു് നാം സ്വീകരിച്ചിരിക്കുന്ന തത്വം. എങ്കിലും കോടതികൾക്കു അന്യായമെന്നു തോന്നുന്നകാര്യങ്ങളിൽ അതിൽ വീഴ്ചകൾ ഉണ്ടെന്നുകണ്ടാൽ അതു പരിഹരിക്കേണ്ടതാണു്. നേരെമറിച്ചു കോടതി ആ നിയമത്തിലെ ഇന്നയിന്ന വ്യവസ്ഥകൾ അന്യായമാണു്, അധാർമ്മികമാണു്, ഭരണഘടനാവിരുദ്ധമാണു് എന്നുപറഞ്ഞൽ കാര്യങ്ങൾ മനസ്സിലാക്കാം. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം അതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അറിയാൻ ബഹുമാനപ്പെട്ട മെമ്പറന്മാർക്കും ആഗ്രഹമുണ്ടായിരുന്നു. ഇങ്ങനെയുള്ള നിയമനിർമ്മാണമുണ്ടാകുമ്പോൾ ചിലപ്പോൾ ഇതുപോലെ Retrospective effect കൊടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നതാണു്.

ശ്രീ. ഈ. പി. ഈപ്പൻ: അപ്പോൾ അങ്ങേയ്ക്കുമുമ്പുണ്ടായിരുന്ന ഇന്നത്തെ ചീഫ്മന്ത്രിയും റവന്യൂമന്ത്രിയുമൊക്കെ അറിവില്ലാത്ത ആളുകളാണോ; അവർ മണ്ടന്മാരാണെന്നുള്ളനിലയിലാണോ അങ്ങിപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. ?

ശ്രീ കെ. ടി. അച്യുതൻ: അതൊന്നും ഞാൻ പറഞ്ഞില്ലല്ലോ. ഇതുപോലെ റിട്രോസ്പെക്ടീവു എഫക്റ്റു കൊടുക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുമെന്നാണു് ഞാൻ പറഞ്ഞതു്. ഏതെങ്കിലും നിയമത്തിനെതിരായി കോടതിയുടെ തീരുമാനമുണ്ടായാൽ അതു വേണ്ടിവരും. അതു ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു അറിയാവുന്നകാര്യമായതുകൊണ്ടാണു് ഞാൻ അതു പറഞ്ഞതു്. സുപ്രീംകോടതി എന്താണു് പറയാൻപോകുന്നതെന്നു നേരത്തെകൂട്ടി അറിഞ്ഞുകൂടാ. ഏതെങ്കിലും ഒരു നിയമത്തെസംബന്ധിച്ചിടത്തോളം ഒരു വിധി വന്നുകഴിഞ്ഞാൽ പിന്നെ ഗവണ്മെൻറിനു കണ്ണുമടച്ചിരിക്കാൻ നിവൃത്തിയില്ല.

ഇവിടെ 1950–ൽ പുകയില സ്റ്റാക്കു ചെയ്യുന്നതിനും വില്പന നടത്തുന്നതിനും ലൈസൻസു എടുക്കുന്നതിൻ ഒരു ഫീസു് ചുമത്തി ലൈസൻസു കൊടുത്തുവന്നിരുന്നു. അതായതു്, എ. ബി. സി. എന്നീക്ലാസുകളായി തിരിച്ചു പുകയില സ്റ്റാക്കു ചെയ്യുന്നതിനും വിൽക്കുന്നതിനും വേണ്ടിയായിരുന്നു. അതിൽ ബി. യും, സി. യും ക്ലാസുകൾ പിന്നീടു മാറി. പിന്നീടു എ. ക്ലാസ് ലൈസൻസികളെ സംബന്ധിച്ചിടത്തോളമാണു് ഈ വിഷമംവന്നതു്. അവരിൽനിന്നും ലൈസൻസു ഫീസീടാക്കുന്നതു ന്യായമല്ല എന്ന സുപ്രീംകോടതിയിൽ വിധിയുണ്ടായതിന്റെ ഫലമായി പിന്നീടു ഇതു വിലയിൽകൂടി ചേർത്തു. അങ്ങനെ ഓരോ ക്ലാസു മാറിമാറിവന്ന അവസാനം പുകയില യഥാർത്ഥമായി ഉപയോഗിക്കുന്നവനുതന്നെ അതു ബാധകമെന്നായി. ഇതു യഥാർത്ഥത്തിൽ പുകയില ഉപയോഗിക്കുന്നവരിൽനിന്നും ഇവർ ഈ പണം ഈടാക്കി ഒരു ട്രസ്റ്റി എന്നുള്ളനിലയ്ക്കു സർക്കാരിന്റെ പണം പൊതുഭണ്ഡാരത്തിൽ ചെല്ലേണ്ടതായ പണം ഇവർ കൈവശംവെച്ചുകൊണ്ടിരുന്നു എന്നുള്ളതു മാത്രമാണു്. അവർ ധാർമ്മികമായനിലയിൽ അനാവശ്യമായ നിലയിൽ ഒരൊറ്റ പൈസാപോലും അതിലേയ്ക്കു വകയിറക്കീട്ടില്ല, ഈ ലൈസൻസു ഫീസു് വയ്ക്കുന്നകാര്യത്തിൽ. ഇന്നലെ ശ്രീമാൻ ചന്ദ്രശേഖരൻ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. ടി. അച്യുതൻ]

പ്രസംഗത്തിൽ പറയുകയുണ്ടായി, ഇതു ഡബിൾടാക്സേഷനാണു്. ഡബിൾ ടാക്സേഷൻ തെറ്റാണു് എന്നു്. എന്തെല്ലാം ഇനങ്ങളിലാണു് ഇന്നു നാം ടാക്സു് പിരിക്കുന്നതു്. ആ സാധനങ്ങളുടെ ആവശ്യം അതു സാധാരണ ജനങ്ങളെ എങ്ങനെ ബാധിക്കും എന്നൊക്കെ നോക്കേണ്ടതായിട്ടുണ്ടു്. ഇങ്ങനെ പുകയില ലൈസൻസുഫീസു് ഈടാക്കുന്നതു അസാധുവാണെന്നു തീരുമാനിച്ചതിനെ തുടർന്നു സുപ്രീംകോടതി പറഞ്ഞതു ഈ ടാക്സിനെ സംബന്ധിച്ചിടത്തോളം ഇതൊരു ലക്ഷ്വറി ടാക്സാണു് ഇതു പിരിക്കാൻ പാടില്ലാ എന്നാണു്. സുപ്രീംകോടതി പറഞ്ഞു 1950 മുതൽ 57 വരെ ടുബാക്കോ ആക്റ്റിലെ ചില റൂളുകൾപ്രകാരം പിരിച്ചിട്ടുള്ള നികുതിക്കു അടിസ്ഥാനപരമായ അധികാരം എന്താണു്, തിരുവിതാംകൂർ ആക്റ്റും, കൊച്ചിൻ ആക്റ്റും റിപ്പീൽ ചെയ്യപ്പോയി എന്നു്. ഈ രണ്ടാക്റ്റിനും ഉണ്ടായിരുന്ന റൂളുകളും അസാധു ആയിപ്പോയി അതുകൊണ്ടു അതുപ്രകാരം അങ്ങനെ ആ പണം നിങ്ങൾക്കു പിരിക്കാൻ നിവൃത്തിയില്ല എന്നു്. അങ്ങനെ ഒരു പിശകു വന്നതു കൊണ്ടാണു്. 1962 ജനുവരിയിൽ ഈ വിധി വന്നപ്പോഴും ആ പണം കൈവശം വയ്ക്കാൻ നിവൃത്തിയില്ല അതു മടക്കികൊടുക്കണമെന്നുള്ള ഒരു നിലയാണു് സ്വാഭാവികമായി ഉണ്ടായതു്. ബോർഡു് ആഫ് റവന്യൂവും അതു മാനിച്ചു. അപ്പോഴും ഇതു 1950 മുതൽ 57 വരെ പിരിച്ചിട്ടുള്ള തുകയെസംബന്ധിച്ചാണു്. സുപ്രീംകോടതിയിലെ വിധിയുണ്ടായതു 1962–ലാണു്. ഇതു രണ്ടോ മൂന്നോ കക്ഷികളെമാത്രം ബാധിക്കുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ: 1950 മുതൽ 57 വരെയുള്ള കാലഘട്ടത്തിൽ പിരിച്ചിട്ടുള്ള തുക എത്രയുമുണ്ടു്. ഇങ്ങനെ ഒരു ആക്റ്റു കൊണ്ടുവന്നില്ലെങ്കിൽ തിരിച്ചുകൊടുക്കേണ്ടിവരുന്ന തുക എത്രയുമുണ്ടു് ?

ശ്രീ. കെ. ടി. അച്യുതൻ: ഒരുകോടിയിലധികം. മൊത്തം തുക 132 ലക്ഷത്തോളംവരും. ഈ ഞാൻ പറഞ്ഞ വ്യക്തികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ നാല്പലക്ഷത്തിൽ താഴെയാണു്. അന്നത്തെ വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ഇതു കാലഹരണപ്പെട്ടുപോകും. അതേപ്പറ്റി പരിശോധിച്ചപ്പോഴാണു് വേറെ ഒരു വിധിയുണ്ടായിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്. കാൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ 92 പ്രകാരം ഒരു വിധി വേറെയുണ്ടു്. സുപ്രീംകോടതിയുടെ വിധിയനുസരിച്ചാണെങ്കിൽ മൂന്നരലക്ഷം രൂപ മടക്കികൊടുക്കേണ്ടിവരും. തുക കുറവായിരുന്ന എങ്കിൽ നമുക്കു ഇതങ്ങു ഉപേക്ഷിക്കാമായിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് ആദ്യം അന്നത്തെ റവന്യൂമന്ത്രിയായിരുന്ന ശ്രീമാൻ ചന്ദ്രശേഖരനും ഇന്നത്തെ ചീഫ്മന്ത്രിയും സംബന്ധിച്ച നടപടികളും സ്വീകരിച്ചിട്ടുണ്ടായിരുന്നതു്. സുപ്രീംകോടതിയുടെ അന്നത്തെ വിധി അനുസരിച്ചായിരുന്ന എങ്കിൽ ഒരുകോടി മുപ്പത്തിരണ്ടു ലക്ഷം രൂപാ ഇന്നു മടക്കികൊടുക്കേണ്ടിവരുമായിരുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: തുക കുറവായിരുന്ന എങ്കിൽ ഇതങ്ങു ഉപേക്ഷിച്ചുകളഞ്ഞേക്കാം എന്നു പറഞ്ഞു. അപ്പോഴും തുക കൂടിയതുകൊണ്ടു എന്തു നിയമവും അങ്ങുണ്ടാക്കാം എന്നാണോ ?

ശ്രീ. കെ. ടി. അച്യുതൻ: അതല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. സുപ്രീംകോടതിയിൽ ഇങ്ങനെ ഒരു വിധിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ചു ഇങ്ങനെ ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നകാര്യത്തെപ്പറ്റി ആലോചിക്കുമായിരുന്നില്ല എന്നുള്ള അർത്ഥത്തിലാണു്. സുപ്രീംകോടതിയുടെ വിധികഴിഞ്ഞു മൂന്നുകൊല്ലം കഴിയുന്നതിനുമുമ്പു പണം മുഴുവൻ മടക്കിക്കൊടുക്കാൻ ഇടവരികയാണെന്നുണ്ടെങ്കിൽ ഒരുകോടി മുപ്പത്തിരണ്ടു ലക്ഷം രൂപാ മടക്കിക്കൊടുക്കണം. എന്നാൽ ഈ സംഖ്യ അവരുടെ കയ്യിൽ നിന്നും എടുത്ത സംഖ്യയല്ല. ഇതു പുകയില വാങ്ങിയ കക്ഷികളിൽ നിന്നും പിരിച്ചെടുത്ത തുകയാണു്. ഇതു സർക്കാരിന്റെ പണമാണു്. ധാർമ്മികമായി സർക്കാരിനുവേണ്ടി ഒരു ട്രസ്റ്റി എന്നുള്ള നിലയിൽ പിരിച്ചെടുത്ത തുക

LIBRARY ARCHIVES Kerala Legislative Assembly

അവർ കോടതിയിൽപോയി നിയമത്തിന്റെ ദൗർബല്യംകൊണ്ട മടക്കിക്കൊടുക്കണമെന്നുപറഞ്ഞാൽ തീർച്ചയായും അതു ഒരുപ്രകാരത്തിലും അവർ അങ്ങനെ വാദിക്കാൻ പാടില്ലാത്തതാണു്. അവർ സർക്കാരിന്റെ ഒരു ട്രസ്റ്റിമാത്രമാണു്. ഇപ്പോഴും സുപ്രീംകോടതിയിൽ ഇങ്ങനെ ഒരു വിധിയുണ്ടായതു നിയമത്തിന്റെ വീഴ്ചകൊണ്ടാണു്. ഈ വിധിയുണ്ടായതിനെ തുടർന്നു നൂറിൽ ചിലാനം അപേക്ഷകരും വന്നു. അപ്പോഴും അഡ്വക്കേറ്റു ജനറൽ ചോദിച്ചു, എന്തുപറയുന്നു ഇങ്ങനെ സുപ്രീംകോടതിയിൽനിന്നും ഒരു വിധിയുണ്ടായതുകൊണ്ടു എല്ലാവർക്കും പണം മടക്കിക്കൊടുക്കേണ്ടിവരും; അതുകൊണ്ടു റിട്രോസ്പെക്ടീവു എഫക്റ്റു വച്ചു നിങ്ങളും ഒരു നിയമനിർമ്മാണംകൊണ്ടുവരിക, ഫൈനാൻഷ്യൽ ഇൻറഗ്രേഷനും സ്റ്റേറ്റ്സ് റീആർഗനൈസേഷനെതുടർന്നു നടന്നിട്ടുള്ളതുകൊണ്ടു ഇതു ഒരു സ്റ്റേററിനു അധികാരമുള്ളതാണല്ലോ എന്നു്. ഇതു സാധാരണ സ്റ്റേറുകളിൽ ചെയ്യാറുള്ളതാണു്. യു. പി. യിൽ അങ്ങനെ ഉണ്ടായിട്ടുണ്ടു്, അവിടെ ഷുഗർ കെയിൻ സെസ്സ് പിരിച്ചതിനെസംബന്ധിച്ചു. അതുകൊണ്ടു ഉടനെ തന്നെ റിട്രോസ്പെക്ടീവു എഫക്റ്റു വച്ചു നിയമമുണ്ടാക്കാൻ തീരുമാനിച്ചു. സുപ്രീംകോടതിയിൽനിന്നും ഇങ്ങനെ ഒരു വിധി വന്നിരിക്കുന്നതുകൊണ്ടു എന്തുചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചു കേന്ദ്രഗവണ്മെൻറിനെ സമീപിച്ചു. അവിടെനിന്നും ഉണ്ടായ മറുപടി ആ വിധിയെ അടിസ്ഥാനപ്പെടുത്തി ഉടനെ ഒരു നിയമം ഉണ്ടാക്കാൻ പറയുകയുണ്ടായി. അതിനുള്ള അധികാരം സ്റ്റേററിനുണ്ടെന്നും അവർ വ്യക്തമാക്കി. അതിനെ അടിസ്ഥാനപ്പെടുത്തി ഉടനെ ഇങ്ങനെ ഒരു നിയമമുണ്ടാക്കാൻ നടപടി നടത്തി. ഹൈക്കോടതിയും ഗവണ്മെൻറിനെ അറിയിച്ചിരുന്ന ഈക്കാര്യത്തിൽ എന്തെങ്കിലും ഒരു നിയമനിർമ്മാണം ഉടനെ ഉണ്ടാക്കിയില്ലെങ്കിൽ തങ്ങൾക്കും ഇതിനനുകൂലമായ തീരുമാനങ്ങൾ എടുക്കേണ്ടിവരും എന്നു്. അതുകൊണ്ടാണു് അന്നു നിയമസഭാസമ്മേളനമില്ലാതിരുന്നതുകൊണ്ടു നിയമസഭാസമ്മേളനം കൂടുന്നതിനു മുമ്പായി ഇങ്ങനെ ഒരു ആർഡിനൻസ് ഇതിലേയ്ക്കു പുറപ്പെടുവിക്കേണ്ടിവന്നിട്ടുള്ളതു്.

6—ാം വകുപ്പിനെപ്പററി ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറഞ്ഞു. അതു വളരെ വിഷമമുള്ള കാര്യമാണു്. സർക്കാരിനു കിട്ടേണ്ട പണം നിയമത്തിന്റെ ദൗർബല്യംകൊണ്ടു പിരിക്കുവാൻ അവകാശമില്ലെന്നു സുപ്രീംകോടതി പറയുകയും മറിച്ചു പിരിച്ചതുക കക്ഷികൾക്കു മടക്കിക്കൊടുക്കണമെന്നും മേലാൽ അതു പിരിക്കണ്ടാ എന്നും പറഞ്ഞാൽ അതുകൊടുക്കാതിരിക്കുന്നതിനും, മേലാൽ പിരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നാം ഉണ്ടാക്കേണ്ടതാവശ്യമാണു്. എന്തുകൊണ്ടാണെന്നുവച്ചാൽ ഇതു സർക്കാരിനു വേണ്ടി പിരിച്ച പണമാണു്. സെയിൽസുടാക്സു വഴി സാധനങ്ങളുടെ വിലയിൽതന്നെ ചേർത്തും ലൈസൻസുഫീസായി ബി. ക്ലാസും, സി. ക്ലാസും ലൈസൻസുകൾക്കുവേണ്ടി കൊടുത്തിട്ടുള്ളതാണു്. അതു സർക്കാരിലേയ്ക്കു കൊടുക്കാനാണു പറയുന്നതു്. അല്ലാതെ അനാവശ്യമായി അധാർമ്മികമായിയാതൊരവകാശവുമില്ലാതെ ചോദിക്കുന്നതല്ല. അതുകൊണ്ടാണു് ഈ ആറാം വകുപ്പുകൂടി ഇതിൽ കൊണ്ടുവന്നതു്. ഇതു അവർ ഒരു ട്രസ്റ്റിയായിട്ടുതന്നെ സർക്കാരിനു കൊടുക്കേണ്ട പണമാണു്. ഹൈക്കോടതിയുടെ ജഡ്ജ്മെൻറും സുപ്രീംകോടതിയുടെ ജഡ്ജ്മെൻറും ഇതുസംബന്ധിച്ചുള്ളതു എൻറെ കൈവശമുണ്ടു്. സബ്സ്റ്റാൻഷ്യൽ ലെജിസ്ലേഷൻകൊണ്ടു റൂളുകൾ പ്രാബല്യത്തിലില്ലാ എന്നാണു പറയുന്നതു്. അങ്ങനെ ഒരു വീഴ്ച വന്നതുകൊണ്ടു ആ ചുരുങ്ങിയ കാലത്തിനുള്ളിൽ ഒന്നോ രണ്ടോപേർക്കു പണം മടക്കികൊടുക്കാൻ ആർഡർ ആയതുകൊണ്ടു് അതു കൊടുത്തുപോയതുകൊണ്ടു ഈ റിട്രോസ്പെക്ററീവു എഫക്ററു വച്ചുകൊണ്ടു ഒരു നിയമനിർമ്മാണം നടത്താൻ ഇടയായിട്ടുള്ളതാണു്. നിയമത്തിനു വീഴ്ച വന്നതുകൊണ്ടു ഈ നിയമം ഉണ്ടാക്കീട്ടുള്ളതാണു്. നാലോ അഞ്ചോ കേസുകൾ ഇതുപോലെയുണ്ടെന്നു പാർലമെൻറിൽതന്നെ പറഞ്ഞിട്ടുള്ളതാണു്. വിധിവന്നകഴിഞ്ഞിട്ടുള്ളതുകൊണ്ടു ഇതല്ലാതെ ഇനി മറു നിവൃത്തിമാർഗ്ഗങ്ങളില്ല. 1962—ലാണു് ഈ ഡിസിഷൻ സുപ്രീംകോടതിയിലുണ്ടായിട്ടുള്ളതു്. അപ്പോഴും കേന്ദ്രഗവണ്മെൻറിനെ ഇക്കാര്യം അറിയിച്ചപ്പോഴും കേന്ദ്രഗവണ്മെൻറു പറഞ്ഞു നിങ്ങൾതന്നെ ഇതു സംബന്ധിച്ചു ഒരു നിയമമുണ്ടാക്കുന്നതു്, എക്സ്പ്ലനേറ്ററിയായിട്ടും ഡിക്ലാറേറിവായിട്ടും അൺജസ്റ്റായിട്ടും ഉണ്ടാക്കുന്നതായിട്ടുള്ളതല്ലാ എന്നാണു്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ കെ. ടി. അച്യുതൻ]

അതിനുംപുറമേ ടാക്സേഷൻ എൻക്വയറി കമ്മിഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്; ഇതുപോലുള്ള ടാക്സുചുമത്താം, പല സംസ്ഥാനങ്ങളിലും ഇങ്ങനെ ടാക്സ് ചുമത്തുന്നുണ്ട് എന്നു്. ഫൈനാൻസു കമ്മിഷനും ഈമാതിരി നികുതി അന്യായമാണു്, ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നതാണു് എന്നു പറഞ്ഞിട്ടില്ല. സർ ഇങ്ങനെ പല കാര്യങ്ങളെസംബന്ധിച്ചും ടാക്സ് ചുമത്തേണ്ടതായിവരും, അതു് ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കാനല്ല, രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി പണം ഉണ്ടാക്കാൻവേണ്ടിയാണു്. എക്സൈസ് ഡ്യൂട്ടിയായിട്ടും, സെയിൽസ്ടാക്സായിട്ടും നികുതികൾ ചുമത്തേണ്ടതായിവരും. അതൊക്കെ രാജ്യക്ഷേമത്തെക്കരുതി സഹിക്കാതെ നിവൃത്തിയില്ല.

സർ, ഇന്നലെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇതിനെസംബന്ധിച്ചു പല അഭിപ്രായങ്ങളും പറഞ്ഞുകേട്ടു. ശ്രീ. ഈ. പി. ഈപ്പൻ ഇതിനെസംബന്ധിച്ചു സംസാരിച്ചു. വ്യക്തിപരമായി ആ അഭിപ്രായങ്ങളെപ്പറ്റി പരാമർശിക്കണമെന്നു വിചാരിക്കുന്നില്ല. ഇതു പൊതുവേ പറയേണ്ട കാര്യമാണു്. ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുമ്പോൾ ചിലർമാത്രം മിടുക്കന്മാരാകുകയും, മറ്റുള്ളവർ മണ്ടന്മാരാകുകയുംചെയ്യുന്ന ഒരു സ്ഥിതിവിശേഷം വരാൻ പാടില്ല. അതുകൊണ്ടാണു് 6-ാം വകുപ്പിൽ ഇങ്ങനെ ചേർത്തിരിക്കുന്നതു്. ഈ ബില്ലിനെസംബന്ധിച്ചിടത്തോളം യാതൊന്നും മറച്ചുവെച്ചിട്ടില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ മൂന്നുകൊല്ലത്തിനുള്ളിൽ ഈ തുക, ഒരു കോടി മുപ്പതുലക്ഷംരൂപ റീ ഫണ്ടുചെയ്യാനുള്ള ഈ നിയമം അവതരിപ്പിച്ചിട്ടുള്ളതു് ബഹുമാനപ്പെട്ട മെമ്പറന്മാർ അനുവദിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: 1962 ജനുവരി 24-ാം തീയതി മുതൽക്കുള്ള തുക തിരിച്ചടയ്ക്കണമെന്നാണു് 6-ാം വകുപ്പിൽ പറയുന്നതു്. ഞാൻ ചോദിക്കുന്നതു്, സുപ്രീംകോടതി വിധിയുണ്ടായതിനുശേഷം, അഞ്ചുകൊല്ലക്കാലംവരെ ഇതിനെസംബന്ധിച്ചു് ഒരു തീരുമാനം എടുക്കാതിരുന്നതു് എന്തുകൊണ്ടാണു്.

ശ്രീ. കെ. ടി. അച്യുതൻ: ചിലരെ സംബന്ധിച്ചിടത്തോളം കാലഹരണംവന്നതായും, ബാക്കിയുള്ളവരെസംബന്ധിച്ചിടത്തോളം പിരിക്കാൻ പാടില്ലെന്നുംവന്നു. അതിനുശേഷം രണ്ടാമതു് സുപ്രീംകോടതിവിധിയുണ്ടായി, മൂന്നുകൊല്ലത്തിനകം പണം പിരിക്കാമെന്നു്. അതിനുശേഷം, ഹൈക്കോടതിയിൽ ഈ പ്രശ്നം ഉന്നയിക്കുകയും, 1950 മുതൽക്കുള്ളതിനെല്ലാം ഇതു ബാധകമാകുമെന്നു് വിധിയുണ്ടാകുകയും ചെയ്തതിനുശേഷമാണു് കേന്ദ്രഗവണ്മെൻറിനെ സമീപിച്ചതു്. കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ചാണു് ഇങ്ങനെയൊരു നിയമനിർമ്മാണത്തിനു തയാറായതു്.

ശ്രീ. ഈ. പി. ഗോപാലൻ: ഇതുസംബന്ധിച്ചു് ഏതെല്ലാം തരത്തിലുള്ള നിയമോപദേശമാണു് തേടിയതു്. അതിൽ പുറത്തുപറയാവുന്നതരത്തിലുള്ള ഉപദേശം ഉണ്ടായിട്ടുണ്ടെങ്കിൽ ഏതാണെന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: ഇവിടത്തെ ലാ ഡിപ്പാർട്ടുമെൻറിന്റെയും, അഡ്വക്കേറ്റ് ജനറലിന്റെയും, കേന്ദ്രഗവണ്മെൻറിന്റെയും ഉപദേശം സ്വീകരിച്ചിട്ടുണ്ടു്.

The question that the Luxury Tax on Tobacco (Validation) Bill, 1964 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 to 5

The question that clauses 2 to 5 stand part of the Bill was put and carried.

Clauses 2 to 5 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 6

Mr. Speaker: There is an amendment given notice of by Shri E. P. Eapen. It is for deletion of clause 6 and therefore not in order. But the hon. member may speak, if he likes.

ശ്രീ. ഈ. പി. ഈപ്പൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞുകേട്ടു. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രിക്കു് ഇതിന്റെ യഥാർത്ഥ വിവരങ്ങൾ വേണ്ടിടത്തോളം മനസ്സിലായിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. എനിക്കറിയാവുന്നിടത്തോളം, ഈ കാര്യത്തെസംബന്ധിച്ചു് അദ്ദേഹത്തിനറിയാമോ എന്നു ഞാൻ സംശയിക്കുന്നു. 1950 തൊട്ടു് 57 വരെയുള്ള കാലഘട്ടംവരെ പിരിച്ച ടാക്സു് വാലിഡേറ്റു ചെയ്യാനാണു് നിയമം കൊണ്ടുവന്നിരിക്കുന്നതു്. 1953ൽ ഈ ടാക്സു് പിരിക്കാൻ പാടില്ലെന്നു് പ്രൊട്ടസ്റ്റു് ചെയ്തിട്ടുണ്ടു; 1954–ൽ പ്രൊട്ടസ്റ്റുചെയ്തിട്ടുണ്ടു്; 1955–ലും, 1956–ലും പ്രൊട്ടസ്റ്റുചെയ്തിട്ടുണ്ടു്. അങ്ങനെ നിവൃത്തിയില്ലാതെവന്നപ്പോൾ കച്ചേരിയിൽപോയി മിനക്കെട്ടതിന്റെ ഫലമായിട്ടാണു് 1950 മുതൽ ഗവണ്മെന്റിനു് ടാക്സു് പിരിക്കാൻ അനുവാദമില്ല എന്ന ഉത്തരവു് ഉണ്ടായതു്. അതു കഴിഞ്ഞു് സുപ്രീംകോടതി വിധി സമ്പാദിച്ചു് Refund order ഉണ്ടാക്കിയതു്. പതിനായിരം രൂപ റീഫണ്ടുചെയ്തിട്ടു് ഒന്നരക്കൊല്ലം കഴിഞ്ഞു് അതു് തിരിച്ചു-ഇല്ലെന്നുപറഞ്ഞാൽ അതു കൊടുക്കാൻ സാധിക്കുമോ എന്നാലോചിക്കണം. എന്തു ന്യായമാണു് ഇതിൽ എന്നു മനസ്സിലാകുന്നില്ല. പതിനായിരം രൂപ ഒരാൾ അങ്ങേക്കു തരുന്നുവെന്നു കരുതുക. ഒരു എക്സിക്യൂട്ടീവു് ആർഡർമൂലം അങ്ങു് എടുത്തുകൊള്ളണം എന്നു പറഞ്ഞിട്ടു് പതിനായിരം രൂപ തരികയാണു്. ഒന്നരക്കൊല്ലം കഴിയുമ്പോൾ അതു് തിരിയെവേണമെന്നു പറഞ്ഞാൽ അങ്ങു കൊടുക്കുമോ ? ഒരുകൊല്ലം കഴിഞ്ഞു് തിരിയെ തരേണ്ടതാണു്, നിങ്ങളെ ഇപ്പോൾ പതിനായിരം രൂപ ഏല്പിക്കുന്നു, ബാങ്കിലോ മറ്റോ നിക്ഷേപിച്ചു സൂക്ഷിക്കണം തിരിയെ തരേണ്ടതാണു് എന്നു പറഞ്ഞിട്ടാണെങ്കിൽ അതു മനസ്സിലാക്കാം. ഇപ്പോൾ പറയുന്നതു് ഈ തുക കൊടുത്തില്ലെങ്കിൽ റവന്യൂറിക്കവറി ആക്ടനുസരിച്ചു് ഈടാക്കുമെന്നാണു്. സർ, ഏതെല്ലാം ഇനത്തിൽ ഈ തുക തിരിച്ചുമറിച്ചു് ഉപയോഗപ്പെട്ടുതായിരിക്കും ആരു് എങ്ങനെ തിരിയെ അടയ്ക്കാനാണു് ? ചിലർ ഈ തുക പെണ്ണുകെട്ടാൻ സ്ത്രീധനമായും കൊടുത്തിരിക്കും. ഇനി അതു തിരിച്ചു ഇല്ലെങ്കിൽ, പെണ്ണിന്റെ കെട്ടാലി വിറ്റു വേണം മുതലുണ്ടാക്കാൻ. ഏതായാലും ഈ നടപടി വളരെ തെറ്റായ ഒരു നടപടിയാണു്. ഒരു ഗവണ്മെന്റിനും ഇതു ക്ഷണമല്ല സർ. വളരെ തെറ്റായ ഈ നടപടി നിറുത്തിവയ്ക്കേണ്ടതാണു്. Supreme Court ഒരു case ൽ ചൂണ്ടിക്കാണിച്ചതുപോലെ, ഒരാൾ അപ്പീൽ കൊടുത്തു. ആ കാരണത്താൽ അയാളെ മാത്രംവിട്ടിട്ടു്, ഗവണ്മെന്റ നു് വേണമെങ്കിൽ ബാക്കിയുള്ളവരെ പിടിക്കുടുക. ഇത്തരത്തിൽ പല കേസ്സുകളും ഉണ്ടായിട്ടുണ്ടു്. പല ലജിസ്ലേഷനും ഇതുപോലെയുണ്ടായിട്ടുണ്ടു്. ആരെങ്കിലും തർക്കം കൊടുത്താൽ തർക്കംകൊടുക്കുന്ന ആളിന്റെ വാദം ശരിയാണെങ്കിൽ അയാളെ ഒഴിവാക്കിയിട്ടു് ബാക്കിയുള്ളവരെ പിടിക്കുടുന്ന സംപ്രദായം ഇതിനുമുൻപു് ഗവണ്മെൻറുകളും അംഗീകരിച്ചിട്ടുണ്ടു്. നിയമപരമായ ലൂപ്ഹോൾ ഉണ്ടെന്നുകരുതി ഇങ്ങനെയുള്ള തെറ്റായ നടപടികളും സ്വീകരിക്കുന്നതു ശരിയല്ല. ഇങ്ങനെയൊരു എക്സിക്യൂട്ടീവു് ആർഡർ കൊടുത്തിട്ടു് പണം ഈടാക്കാൻ തുടങ്ങിയാൽ ഇതൊരു പിടിച്ചുപറിയാണെന്നേ കരുതാൻ നിവൃത്തിയുള്ളു. മെയിൻറോഡിൽ ഒരു ബോർഡു് എഴുതി തൂക്കിയിട്ടു്, അതിലേ കടന്നുപോകുന്നവർ ഒരു ടാക്സു കൊടുക്കണമെന്നുപറഞ്ഞു ടാക്സു് ഈടാക്കുന്നതുപോലെയാണു് ഗവണ്മെൻറിന്റെ ഈ നടപടി. ഇതു പാസ്സാക്കുകയാണെങ്കിൽ പ്രതിഷേധിച്ചു് എനിക്കു് സഭ വിട്ടിറങ്ങിപ്പോകേണ്ടതായിവരും. സർ, ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ: ബഹുമാനപ്പെട്ട മെമ്പർ ക്ഷോഭിച്ചിട്ട കാര്യമില്ല. ഏതെങ്കിലും പ്രത്യേക കക്ഷികളുടെ സാമ്പത്തികസ്ഥിതിയെ സംബന്ധിക്കുന്ന പ്രശ്നമല്ലിതു്. സാമൂഹികമായി സാമ്പത്തികസ്ഥിതി നന്നാക്കാൻ എന്താണവേണ്ടതെന്നാണു് ആലോചിക്കേണ്ടതു്. വ്യക്തിപരമായ കാര്യത്തെപ്പറ്റിയല്ല ഇവിടെ പരാമർശിക്കുന്നതു്. പൊതുവേ ഈ സഭയിൽ എല്ലാ മെമ്പറന്മാരും ഇതുസംബന്ധിച്ചു് പലതും പറഞ്ഞിട്ടുണ്ടു്. ആ അഭിപ്രായങ്ങളെല്ലാം സർക്കാരിന്റെ മുൻപിലുണ്ടു്. അർഹിക്കുന്ന പരിഗണനയോടുകൂടി അതെല്ലാം പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നതാണു്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ചില ആളുകൾക്കു് ഗുണകരമായും, മറ്റു ചിലർക്കു് ദോഷകരമായും വിവേചനം ഉണ്ടാകുന്നതു ശരിയല്ല. കോടതി വിധിയുടെ അടിസ്ഥാനത്തിലാണു് ഈ നിയമനിർമ്മാണത്തിന്റെ ആവശ്യം നേരിട്ടതു്. ഇതിനെസംബന്ധിച്ചിടത്തോളം വളരെ പരിചയമുള്ള മെമ്പറന്മാർപോലും ഇത്തരത്തിൽ അഭിപ്രായം പറഞ്ഞുകഴിഞ്ഞാൽ വിഷമമാണു്. ഇതിൽ കൂടുതലായി ഇപ്പോൾ ഒന്നും പറയാനില്ല. ഇവിടെ പറഞ്ഞ അഭിപ്രായങ്ങളും യഥാവിധി പരിഗണിക്കുന്നതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: 6–ാം വകുപ്പിൽ, 1964 ഏപ്രിൽ 16–ാം തീയതിക്കകം പണം തിരിച്ചടയ്ക്കണം എന്നു പറഞ്ഞിരിക്കുന്നു. എന്താണു് ഏപ്രിൽ 16-ാം തീയതിക്കുള്ള പ്രത്യേകത ? അവധി കുറേക്കൂടി നീട്ടിക്കൊടുക്കുന്നതിൽ വിരോധമുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: ഇതു സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞ അഭിപ്രായങ്ങളും ഗവണ്മെന്റിന്റെ മുൻപിൽ ഉള്ളതു പരിഗണിക്കപ്പെടുമെന്നു ഞാൻ നേരത്തെ പറഞ്ഞുവല്ലോ.

ശ്രീ. പി. വിശ്വംഭരൻ: നാം ഇവിടെ ഈ നിയമം അംഗീകരിച്ചുകഴിഞ്ഞാൽ ഒരു എക്സിക്യൂട്ടീവു്-ആർഡർമൂലം ഭേദഗതി വരുത്താൻ കഴിയുമോ ?

ശ്രീ. കെ. ടി. അച്യുതൻ: സർക്കാരിനു് വേണമെങ്കിൽ ടാക്സു് പിരിക്കാനും, പിരിക്കാതിരിക്കാനും കഴിയുമല്ലോ.

ശ്രീ. പി. വിശ്വംഭരൻ: എങ്കിലും ഇതിലെ വകുപ്പുമാറ്റാൻ നിയമസഭയ്ക്കല്ലേ അധികാരമുള്ളു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ അവധി കുറേക്കൂടി നീട്ടി കൊടുക്കാൻ ഇതിൽതന്നെ മാറ്റം വരുത്തുന്നതായിരിക്കും നല്ലതു്. ബഹുമാനപ്പെട്ട മന്ത്രി ഒരു വെർബൽ ഭേദഗതി അവതരിപ്പിച്ചാൽ മതിയാകും, ഈ കുഴപ്പം പരിഹരിക്കാം.

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ ഇപ്പോൾ ഭേദഗതിചെയ്യണമെന്നില്ല. ആവശ്യമെങ്കിൽ പിന്നീടു് ആലോചിക്കാം.

The question that clause 6 stand part of the Bill, was put and carried.

Shri E. P. Eapen: Sir, I demand a poll.

AYES—49

1.	Shri K. C. Abraham	9.	Shri N. Bhaskaran Nair
2.	,, M. C. Abraham	10.	Dr. K. M. Chacko
3.	,, K. T. Achuthan	11.	Shri G. Chandrasekhara Pillai
4.	,, M. A. Antony	12.	,, K. A. Damodara Menon
5.	,, K. K. Balakrishnan	13.	,, T. A. Dharmaraja Iyer
6.	,, P. C. Balakrishnan Nambiar	14.	,, P. R. Francis
7.	,, R. Balakrishna Pillai		
8.	,, T. O. Bava		

LIBRARY ARCHIVES Kerala Legislative Assembly

15. Shri K. M. George
16. ,, P. Gopalan
17. ,, Malethu Gopinatha Pillai
18. ,, M. P. Govindan Nair
19. ,, A. L. Jacob
20. ,, C. G. Janardhanan
21. ,, P. S. Karthikeyan
22. ,, K. G. Karunakara Menon
23. ,, T. Krishnan
24. ,, P. R. Krishnan
25. ,, N. S. Krishna Pillai
26. ,, P. Kumaran
27. ,, K. Kunhambu
28. ,, M. Kunjukrishnan Nadar
29. ,, M. Kunhikannan Nambiar
30. Smt. Kusumom
31. Shri P. Madhavan
32. ,, V. Madura
33. ,, M. M. Mathai
34. ,, T. Murugesan
35. Smt. A. Nafeesath Beevi
36. Shri K. Narayana Kurup
37. ,, M. Narayana Kurup
38. ,, E. P. Poulose
39. ,, R. Raghava Menon
40. ,, M. Ravindranath
41. ,, K. Sankar
42. Smt. O. T.Sarada Krishnan
43. Shri Shamsuddin
44. ,, C. M. Stephen
45. ,, K. T. Thomas
46. ,, T. A. Thomman
47. ,, P. P. Ummerkoya
48. ,, K. R. Vijayan
49. ,, K. K. Viswanathan

NOES—15

1. Shri P. Abdul Majeed
2. ,, Antony D' Cruz.
3. ,, D. Damodaran Potti
4. ,, E. P. Eapen
5. ,, Hamid Ali Shemnad
6. ,, K. Hassan Gani
7. ,, O.'Koran
8. ,, M. Krishnan
9. ,, K. Moideenkutty Hajee
10. Shri C. M. Kutty
11. ,, P. K. Narayanan Nambiar
12. ,, P. Narayanan Thampi
13. ,, P. Ramunni Kurup
14. ,, Ponnara Sreedhar
15. ,, P. Viswambharan

NEUTRALS—24

1. Shri C. Achutha Menon
2. ,, P. C. Adichan
3. ,, K. Anirudhan
4. ,, Baby John
5. ,, C. K. Balakrishnan
6. ,, N. E. Balaram
7. ,, K. Bhargavan
8. ,, E. P. Gopalan
9. Smt. K. R. Gouri
10. Shri K. V. John
11. ,, K. Krishnan
12. ,, R. Krishnan
13. ,, S. Kumaran
14. Shri T. C. Narayanan Nambiar
15. ,, K. V. Narayanan
16. ,, N. Neelakantaru Pandarathil
17. ,, P. C. Raghavan Nair
18. ,, A. K. Ramankutty
19. ,, T. K. Ramakrishnan
20. ,, P. Ravindran
21. ,, E. M. Sankaran Namboodiripad
22. ,, R. Sugathan
23. ,, M. M. Sundaram
24. ,, M. V. Vasu

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : For the Motion—49

Against the Motion—15

Neutrals—24

The mo.ion is carried.

Clause 6 was added to the Bill.

Clause 7 and the Schedule

The question that Clause 7 and the Schldule stand part of the Bill was put and carried.

Clause 7 and the Schedule were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carr ed.

Clause 1, Preamble and Title were added to the Bill.

Minister for Transport and Labour (**Shri K. T. Achuthan**): Sir, I move that the Luxury Tax on Tobacco (Validation) B.ll, 1964 be finally passed.

Shri E. P. Poulose : I second the motion.

The question that the Luxury Tax on Tobacco (Validation) Bill 1964 be passed was put and carried.

The Bill was passed.

The General Sales Tax (Validation) Bill, 1964

Mr. Speaker : The Chief Minister may introd ce the General Sales Tax (Val.dation) Bill, 1964.

Chief Minister (**Shri R. Sankar**) : Sir, I introduce the Genera Sales Tax (Validation) Bill, 1964. I also lay on the Table a copy of the statement explaining the circumstances which had necessitated the immediate legislation by an Ordinance as required under Rule 73 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly.

ശ്രീമതി. കെ. ആർ ഗൗരി : സർ, എന്തൊക്കെയൊ മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു ഞങ്ങളാരും കാണേണ്ടായെന്നാണോ ?

ശ്രീ. ആർ. ശങ്കർ : വളരെ നിർബന്ധമാണെങ്കിൽ ഞാൻ അതു ഇവിടെ വായിക്കാം.

ശ്രീമതി. കെ. ആർ. ഗൗരി : അതു ധൃതി വയ്ക്കുന്നതു എന്തിനാണു്. നാളെ ഇതിന്റെ കൺസിഡറേഷൻ എടുത്താലും മതിയല്ലോ. ഞങ്ങളെല്ലാവരും അതുകണ്ടു പഠിച്ചിരിക്കുന്നതുപോലെകരുതി ചീഫ്മിനിസ്റ്റർ അതു പാസാക്കുവാൻ പോകുകയാണു്. മനസ്സിലാക്കാത്ത മെമ്പറന്മാർക്കു അതു പഠിച്ചു മനസ്സിലാക്കുന്നതിനുള്ള അവസരം നൽകേണ്ടതാണു്.

മിസ്റ്റർ സ്പീക്കർ : മൂന്നു അനുസരിച്ചു നേരത്തെ വയ്ക്കുവാൻ ഒക്കുകയില്ല.

ശ്രീമതി. കെ. ആർ ഗൗരി : എന്നാൽ അതിന്റെ സെക്കന്റു സ്റ്റേജു മാറ്റിവെയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly